**No. CEE/4900/2015/KEAM-2016/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM 2016

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ് ഓൺലൈൻ കൺഫർമേഷൻ നിർബന്ധമാണ്

2016-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ് നടപടിക്രമങ്ങൾ **16.07.2016** ന് ആരംഭിക്കുന്നതാണ്. **ഈ ഘട്ടത്തിൽ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, അഗ്രിക്കൾച്ചർ, വെറ്ററിനറി, ഫിഷറീസ്, ഫോറസ്ട്രി കോഴ്സുകളിലേയ്ക്കു മാത്രമായിരിക്കും അലോട്ട്മെന്റ് നടത്തുന്നത്.** പ്രസ്തുത കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ മൂന്നാമത്തെ അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഓപ്ഷൻ പുന:ക്രമീകരണം/റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **16.07.2016** മുതൽ **19.07.2016**, **3 pm** വരെ ലഭ്യമാകുന്നതാണ്. **19.07.2016, 3 pm** വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **20.07.2016** ന് മൂന്നാമത്തെ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തെരഞ്ഞെടുത്ത ശാഖകളിലൊന്നിലോ, ഓൺലൈനായോ **2016 ജൂലൈ 25–നകം** ഒടുക്കേണ്ടതാണ്. SBT ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്. ഫീസ്/ബാക്കി തുക അടച്ചതിനു ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **25.07.2016 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്.

**അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 16.07.2016 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 19.07.2016 (3 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **20.07.2016** | **അലോട്ടുമെന്റ് പ്രസിദ്ധീകരണം** |
| 21.07.2016 to 25.07.2016 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിലൊന്നിലോ, ഓൺലൈനായോ ഫീസ്/ ബാക്കി തുക ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 25.07.2016, 5.30 pm | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് OAMS മുഖേന സമർപ്പിക്കണം. |

**മേൽപറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും മൂന്നാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.** കൂടാതെ ഇവരുടെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, അഗ്രിക്കൾച്ചർ, വെറ്ററിനറി, ഫിഷറീസ്, ഫോറസ്ട്രി കോഴ്സുകളിലെ എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. എന്നാൽ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം ഏതെങ്കിലും കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുകയും കോളേജുകളിൽ പ്രവേശനം നേടുകയും ചെയ്തവരുടെ അലോട്ട്മെന്റ് നിലനിർത്തുന്നതായിരിക്കും

ഈ ഘട്ടത്തിൽ പുതുതായി താഴെപറയുന്ന കോളേജിലേയ്ക്കും/കോഴ്സിലേയ്ക്കും ഓപ്ഷൻ നൽകാവുന്നതാണ്.

| Sl. No | College Code | Name of College | Course Code and seats |
|---|---|---|---|
| **Private Self Financing Engineering College:** | | | |
| 1 | HGW* | Holy Grace Academy of Engineering, Mala, Kuruvilassery P O, Thrissur | ME-60 |
| **Private Self Financing Architecture College:** | | | |
| 1 | TJR | Thejus College of Architecture, Vellarkad, Erumappetty P O, Thrissur | AR - 40 |

*As per the order of the Hon'ble High Court of Kerala on W.P(C) No. 20871/2016.

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കേണ്ടതാണ്.

കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ടുമെന്റ് നടത്തുകയുള്ളൂ.

**കുറിപ്പ്:** 20.07.2016 ന് പ്രസിദ്ധീകരിക്കുന്ന അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ആയതിനാൽ മൂന്നാം ഘട്ടത്തിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം വിദ്യാർത്ഥികൾ അതത് കോളേജുകളിൽ **2016 ജൂലൈ 25–ാം** തീയതി വൈകുന്നേരം 5 മണിയ്ക്കുള്ളിൽ നിർബന്ധമായും അഡ്മിഷൻ നേടിയിരിക്കണം. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4(c) പ്രകാരമുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.

മൂന്നാം ഘട്ടത്തിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലുള്ള എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാക്കപ്പെടുന്നതാണ്. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ (കേരള കത്തോലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകൾ ഒഴികെ) പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് 25.07.2016 ന് ശേഷം മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും കോളേജിൽ നിന്നും വിടുതൽ നേടുകയും ചെയ്യുന്ന പക്ഷം അവർ ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടതില്ല. എന്നാൽ അവർക്ക് കോളേജിൽ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയില്ല.

**ലിക്വിഡേറ്റഡ് ഡാമേജസ് സംബന്ധിച്ച് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പ്രോസ്പെക്ടസിലെയും, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെയും വ്യവസ്ഥകൾ അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.**

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
15.07.2016